# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER | 06 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്-1


ഫോൺ : 04735-202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co


**തങ്ക അങ്കി രഥഘോഷയാത്ര ഡിസംബർ 22 ന്;**
**കോവിഡ്- 19 പ്രോട്ടോകോൾ പാലിക്കും**

ശബരിമലയിലേക്കുള്ള തങ്ക അങ്കി രഥഘോഷയാത്ര ഈ മാസം 22 ന് ആറൻമുള പാർഥസാരഥി ക്ഷേത്രത്തിൽ നിന്നും പുറപ്പെടും. 25 ന് ഉച്ചയ്ക്ക് ഘോഷയാത്ര പമ്പയിൽ എത്തിച്ചേരും. വൈകുന്നേരം ശബരിമലയിലേക്ക് കൊണ്ടുവരുന്ന തങ്ക അങ്കിക്ക് ശരംകുത്തിയിൽ വച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ് ആചാരപൂർവമുള്ള സ്വീകരണം നൽകും. ചിത്തിര തിരുനാൾ മഹാരാജാവ് ശബരിമല നടയ്ക്ക് സമർപ്പിച്ച 453 പവൻ തങ്കത്തിൽ നിർമിച്ച അങ്കിയാണ് മണ്ഡല പൂജയ്ക്ക് അയ്യപ്പസ്വാമിക്ക് ചാർത്തുന്നതിനായി ഘോഷയാത്രയായി കൊണ്ടുവരുന്നത്.

സന്നിധാനത്തേക്ക് കൊണ്ടുവരുന്ന തങ്ക അങ്കിയെ പതിനെട്ടാം പടിക്ക് മുകളിൽ, കൊടിമരത്തിന് മുന്നിൽ വച്ച് ഔദ്യോഗികമായി വരവേറ്റ് ശ്രീകോവിലിനുള്ളിലേക്ക് കൈമാറും. ശേഷം തങ്ക അങ്കി ചാർത്തിയുള്ള ദീപാരാധന നടക്കും. 26ന് ഉച്ചയ്ക്ക് ആണ് മണ്ഡലപൂജ നടക്കുക. ഇക്കുറി തങ്ക അങ്കി ഘോഷയാത്രക്ക് കോവിഡ് നിയന്ത്രണങ്ങൾ ഉണ്ടാകും. ഘോഷയാത്ര ആറൻമുളയിൽ നിന്ന് ആരംഭിച്ച് പമ്പയിൽ

അവസാനിക്കുന്നതു വരെ വഴി നീളെയുള്ള സ്വീകരണം, പറയെടുപ്പ് എന്നിവ ഉണ്ടാവില്ല. ജംഗ്ഷനുകളിലെ സ്വീകരണവും ഒഴിവാക്കിയിട്ടുണ്ട്.

മുൻ വർഷങ്ങളിൽ പോകുന്നതു പോലെ അമ്പലങ്ങളിൽ എത്തിച്ചേരുമ്പോൾ അവിടെ സ്വീകരണത്തിന് ക്രമീകരണം ഒരുക്കും. എന്നാൽ, ക്ഷേത്രങ്ങളിൽ ആൾകൂട്ടം അനുവദിക്കില്ല. ഇവിടെയും കോവിഡ് പ്രോട്ടോകോൾ പൂർണമായും പാലിച്ച് കൊണ്ടായിരിക്കും ഭക്തർക്ക് സ്വീകരണത്തിന് അവസരം നൽകുകയെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. എൻ. വാസു പറഞ്ഞു. ഘോഷയാത്രയിൽ അനുഗമിക്കുന്നവരെ എണ്ണം കുറയ്ക്കാൻ ബന്ധപ്പെട്ടവർക്ക് നിർദേശം നൽകിയിട്ടുണ്ട്. കൂടാതെ, ഘോഷയാത്രയെ അനുഗമിക്കുന്നവർ കോവിഡ് പരിശോധനാ നെഗറ്റീവ് സർട്ടിഫിക്കറ്റ് കരുതണം. ഇവർ ഘോഷയാത്രയിൽ സാമൂഹിക അകലം പാലിക്കണമെന്നും പ്രസിഡന്റ് പറഞ്ഞു.

**(പി .ആർ. ശബരി -77)**

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 06 | 2020 |
| --- | --- |



ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

**കോവിഡ് മാനദണ്ഡങ്ങൾ ഏറ്റെടുത്ത് അയ്യപ്പന്മാരും**

കോവിഡ് കാലത്തെ മല കയറ്റം കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചാവണമെന്ന ഉത്തരവാദിത്വം അക്ഷരാർഥത്തിൽ ഏറ്റെടുത്ത് അയ്യപ്പന്മാരും. കോവിഡ് മാനദണ്ഡങ്ങളിൽ ഏറെ പ്രാധാന്യമുള്ള സാമൂഹിക അകലം കൃത്യമായി പാലിച്ചാണ് നടപന്തൽ അടക്കമുള്ള ഇടങ്ങളിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നടക്കമുള്ള തീർഥാടകർ ക്യു നിൽക്കുന്നത്.
കൃത്യമായ കോവിഡ് പ്രോട്ടോക്കോൾ പാലിച്ചാണ് നിലയ്ക്കൽ മുതൽ തീർഥാടകരെ കയറ്റി വിടുന്നത്. പരിശോധനകളും സുരക്ഷ മുന്നറിയിപ്പുകളും ലഭിക്കുന്ന അയ്യപ്പഭക്തർ അവ കൃത്യമായി പാലിച്ചുകൊണ്ട് മാസ്കും സാനിറ്റൈസറും ഉൾപ്പടെ കോവിഡ് പ്രതിരോധത്തിനായുള്ള മുൻകരുതലുകളോടെയാണ് ഇത്തവണത്തെ മണ്ഡലകാലത്ത് ദർശനത്തിനെത്തുന്നത്. ദേവസ്വം ബോർഡിന്റെയും പോലീസിന്റെയും ആരോഗ്യവകുപ്പിന്റെയും നിർദേശങ്ങൾ അയ്യപ്പന്മാർ ഏറ്റെടുത്തപ്പോൾ സന്നിധാനത്തെ കോവിഡ് സുരക്ഷ പൂർണമാകുന്നു.

**ഫോട്ടോ അടിക്കുറുപ്പ്:**
അയ്യപ്പ ദർശനത്തിനായി സാമൂഹിക അകലം പാലിച്ച് നടപന്തലിൽ ക്യു നിൽക്കുന്ന തീർത്ഥാടകർ

(പി .ആര്‍. ശബരി -78)


വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ DECEMBER | 06 | 2020 |
| --- | --- | --- |



## ശബരിമല പത്രക്കുറിപ്പ്-3

ഫോൺ : 04735-202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

**ശബരിമല: ആന്ധ്ര മന്ത്രി ദർശനം നടത്തി**

ആന്ധ്രപ്രദേശ് മന്ത്രി ശബരിമലയിൽ ദർശനം നടത്തി. ആന്ധ്രയിലെ ജല വിഭവ വകുപ്പ് മന്ത്രി പി. അനിൽകുമാറാണ് ഇന്ന്(6) രാവിലെ 10.10 ന് സന്നിധാനത്തെത്തിയത്. അയ്യപ്പ ദർശനത്തിന് ശേഷം മാളികപ്പുറത്തും മറ്റ് ഉപക്ഷേത്രങ്ങളിലും ദർശനം നടത്തി. തുടർന്ന് 11.45 ന് സന്നിധാനത്ത് നിന്ന് മടങ്ങി.

**ഫോട്ടോ അടിക്കുറുപ്പ്:**

ആന്ധ്രപ്രദേശ് വാട്ടർ റിസോഴ്സസ് മന്ത്രി പി. അനിൽകുമാർ ശബരിമല ദർശനത്തിനെത്തിയപ്പോൾ.

**(പി .ആര്. ശബരി -79)**

വാർത്തകൾ ഇനി കാണാം... കേൾക്കാം... വായിക്കാം...

PRD LIVE

PRD LIVE ഒരു മൊബൈൽ ആപ്ലിക്കേഷനാണ്. ആൻഡ്രോയിഡ് വേർഷനിലുള്ള എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും. പ്ലേ സ്റ്റോറിൽ നിന്നും PRD LIVE ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ / DECEMBER | 06 | 2020 |
| --- | --- | --- |



## ശബരിമല പത്രക്കുറിപ്പ്–4

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

**ശബരിമലയിലെ നാളത്തെ ചടങ്ങുകൾ (07.12.2020)**

.........

പുലർച്ചെ 4 മണിക്ക് പള്ളി ഉണർത്തൽ
5 ന്.... നട തുറക്കൽ
5.05 ന്..... അഭിഷേകം
5.30 ന് ...ഗണപതി ഹോമം
7 മണി മുതൽ 11 മണി വരെനെയ്യഭിഷേകം
7.30 ന് ....ഉഷപൂജ
8 മണി മുതൽ 9 മണി വരെ ഉദയാസ്തമന പൂജ
11.30 ന് .....25 കലശാഭിഷേകം
തുടർന്ന് കളഭാഭിഷേകം
12 ന് ഉച്ചപൂജ
1 മണിക്ക് ക്ഷേത്രനട അടയ്ക്കൽ
4 മണിക്ക് ക്ഷേത്രനട തുറക്കും
6.30 ....ദീപാരാധന
7 മണിക്ക് .....പടിപൂജ
8.30 മണിക്ക് ....അത്താഴപൂജ
8.50 ന് ഹരിവരാസനം സങ്കീർത്തനം പാടി 9 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.

**(പി .ആർ. ശബരി -80)**

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.